II അടിയന്തിര പ്രമേയം

വടശ്ശേരിക്കര-ശബരിമല റോഡിൽ ഉണ്ടായ വാഹനാപകടത്തിൽ പരിക്കേറ്റവർക്ക് ചികിൽസ ലഭിച്ചില്ല എന്നതു സംബന്ധിച്ച്

മി. സ്പീക്കർ : പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര-ശബരിമല റോഡിൽ ഇന്നലെയുണ്ടായ വാഹനാപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് പത്തനംതിട്ട ജില്ലാ ജനറൽ ആശുപത്രിയിൽ എത്തിച്ച 9 പേരിൽ ചികിൽസ ലഭിക്കാതെ 5 പേർ മരണപ്പെട്ടതിനെത്തുടർന്ന് ജനങ്ങൾ പ്രക്ഷുബ്ധരാകുകയും ആശുപത്രി

9.30 A. M.] ഉപരോധിക്കുകയും ചെയ്തു എന്നും അത്യന്തം ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നു ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ രാജു എബ്രഹാം, ബിനോയ് വിശ്വം, പി.സി. ജോർജ്ജ്, എ.എ. അസീസ്, സി.കെ. നാണു, ഡോ.കെ.സി. ജോസഫ്, എ.സി. ഷൺമുഖദാസ്, വി.സി. കബീർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) : സർ, 16-3-2005-ന് ഉച്ചയ്ക്ക് ഏകദേശം 12.30-ന് മാടവന എന്ന സ്ഥലത്തുവച്ച് ജീപ്പും ബസ്സും കൂട്ടിമുട്ടി അപകടമുണ്ടായതിൽപ്പെട്ട 10 പേരെ പത്തനംതിട്ട ജില്ലാ. ആശുപത്രിയിൽ കൊണ്ടുവരികയും അതിൽ 9 പേർക്ക് ഗുരുതരമായി തലയ്ക്കു പരിക്കുപറ്റിയതുകാരണം പ്രാഥമിക ചികിൽസയ്ക്കുശേഷം കോട്ടയം മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയും ചെയ്തു. എനിക്ക് വിവരം കിട്ടിയ ഉടൻ തന്നെ കോട്ടയം മെഡിക്കൽ കോളേജ് സൂപ്രണ്ടിനെ വിളിച്ച് ആവശ്യമായ സജ്ജീകരണങ്ങൾ ചെയ്യുന്നതിന് നിർദ്ദേശങ്ങൾ നൽകിയിരുന്നു. 4 ആംബുലൻസുകളിലായാണ് പരിക്കേറ്റവരെ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയത്. കോട്ടയം മെഡിക്കൽ കോളേജ് സൂപ്രണ്ടിനെ വിവരം നേരത്തേതന്നെ അറിയിച്ചതിന്റെ ഫലമായി അദ്ദേഹം എല്ലാം സജ്ജമാക്കിയിരുന്നു. പക്ഷേ റെഫർ ചെയ്ത രോഗികളെ പിന്നീട് പത്തനംതിട്ടയിലുള്ള മുത്തൂറ്റ് മെഡിക്കൽ സെന്ററിലും പുഷ്പഗിരി മെഡിക്കൽ കോളേജിലുമാണ് അഡ്മിറ്റ് ചെയ്തത്. അതിൽ 3 പേർ മുത്തൂറ്റ് മെഡിക്കൽ സെന്ററിലും 2 പേർ പുഷ്പഗിരി ആശുപത്രിയിലും വച്ച് മരണമടഞ്ഞു. ആശുപത്രിയിൽ ചികിൽസ കിട്ടിയില്ല എന്ന പരാതിയെക്കുറിച്ച് ഡി.എം.ഒ അന്വേഷണം നടത്തി ഒരു പ്രിലിമിനറി റിപ്പോർട്ട് തന്നിട്ടുണ്ട്. വിശദമായ അന്വേഷണം നടത്തി ഡി.എം.ഒ. ഇന്ന് റിപ്പോർട്ട് നൽകുന്നതാണ്.

ശ്രീ. രാജു എബ്രഹാം : സർ, ഇന്നലെ ശബരിമല റോഡിലുണ്ടായ അപകടത്തിൽ 5 പേർ മരിക്കുകയും 2 പേർ മരണത്തോട് മല്ലടിച്ച് ആശുപത്രിയിൽ കഴിയുകയും ചെയ്യുകയാണ്. സാധാരണഗതിയിലുള്ള മോട്ടോർ വാഹന അപകട മരണമല്ല ഇത്. ഇന്നലെ ഉച്ചയ്ക്ക് ഒരു മണിയോടുകൂടി പത്തനംതിട്ട ജില്ലാ ജനറൽ

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയിൽ എത്തിച്ച 11 ആളുകളിൽ 9 ആളുകളുടെ നില അതീവഗുരുതരമായിരുന്നു. പക്ഷേ ഏറ്റവും ദൗർഭാഗ്യകരമായ സംഭവം ആ ജില്ലാ ആശുപത്രിയിൽ ആ സമയത്ത് ഒരു ഡോക്ടർ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നുള്ളതാണ്. ഒരു ജില്ലാ ജനറൽ ആശുപത്രിയിലാണ് ഇത് സംഭവിച്ചത് എന്ന് നമ്മൾ മനസ്സിലാക്കണം. ജില്ലാ ജനറൽ ആശുപത്രിയിൽ ചികിൽസ ലഭിക്കില്ല എന്ന് എല്ലാവർക്കും അറിയാം. കാരണം അവിടെ സംവിധാനങ്ങൾ ഇല്ല. അവിടെ അടിയന്തിര ചികിൽസയാണ് കിട്ടേണ്ടത്. അടിയന്തിര ചികിൽസ നൽകി കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് റെഫർ ചെയ്യുന്ന ജോലി മാത്രമാണ് പത്തനംതിട്ട ജില്ലാ ജനറൽ ആശുപത്രിക്കുള്ളത്. അത് ചെയ്യാതെയാണ് ഒരു മണിക്കൂറോളം ആ ആശുപത്രിയുടെ വരാന്തയിൽ ഗുരുതരമായി പരിക്കേറ്റ ഈ 9 പേരെ കിടത്തിയിരുന്നത് എന്നുള്ളതാണ് ഇവിടെ പരിശോധിക്കപ്പെടേണ്ട വിഷയം. ഗുരുതരമായി തലയ്ക്ക് മുറിവേറ്റ ഈ ആളുകൾ ആശുപത്രി വരാന്തയിൽ ഒരു മണിക്കൂറോളം കിടന്നാൽത്തന്നെ ചോര വാർന്നൊലിച്ച് മരണം സംഭവിക്കുക സ്വാഭാവികമാണ്. അവിടെ ജില്ലാ ആശുപത്രിയിൽ ഒരു ആംബുലൻസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ജില്ലാകളക്ടറും പോലീസ് സൂപ്രണ്ടും എല്ലാം ഇടപെട്ട് ഏതാണ്ട് മുക്കാൽ മണിക്കൂർ കഴിഞ്ഞപ്പോഴാണ് ഈ പറയുന്ന 4 ആംബുലൻസ് അവിടെയെത്തിയത്. പക്ഷേ വളരെ വൈകിപ്പോയിരുന്നു. തൊട്ടടുത്ത കോഴഞ്ചേരി മുത്തൂറ്റ് മെഡിക്കൽ സെന്ററിൽ അവരെ എത്തിച്ചപ്പോൾ മരണം സംഭവിച്ചിരുന്നു. അതിലും ദൗർഭാഗ്യകരമായ കാര്യം പത്തനംതിട്ടയിൽ നിന്നും കൊടുത്തുവിട്ട ഓക്സിജൻ സിലിണ്ടർ കോഴഞ്ചേരിയിൽ വച്ച് പരിശോധിച്ചപ്പോൾ അതിൽ ഓക്സിജൻ ഇല്ലായിരുന്നു എന്നുള്ളതാണ്. എത്രയോ ദയനീയമായ ഒരവസ്ഥയാണ് ഇവിടെ കാണാൻ കഴിയുന്നത്. നാട്ടുകാർ സ്വാഭാവികമായും ആ ആശുപത്രി ഉപരോധിച്ചു. അതിൽ എല്ലാ രാഷ്ട്രീയ പാർട്ടിക്കാരുമുണ്ട്. എ.ഐ.വൈ.എഫ്. ഉണ്ട്, ഡി.വൈ.എഫ്.ഐ. ഉണ്ട്, യൂത്ത് കോൺഗ്രസ് ഉണ്ട്. എല്ലാ രാഷ്ട്രീയപ്പാർട്ടിക്കാരും ഒരുമിച്ച് മണിക്കൂറുകളോളം ആശുപത്രി ഉപരോധിച്ചു. ഇപ്പോൾ ആശുപത്രിയുടെ പരിസരം മുഴുവൻ പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്തേണ്ട ഒരു സാഹചര്യം ഉണ്ടായിരിക്കുന്നു. അവിടെ അടിയന്തിര ചികിൽസയുണ്ടായിരുന്നുവെങ്കിൽ മരണസംഖ്യ കുറയ്ക്കാൻ നമുക്ക് കഴിയുമായിരുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനമായിട്ട് നമ്മൾ കാണേണ്ടത്. അതും ഒരു ജില്ലാ ജനറൽ ആശുപത്രിയിൽ ഈ അവസ്ഥ ഉണ്ടായിരിക്കുകയാണ്. കേരളത്തിൽ ഇത്തരം ഒരവസ്ഥയുള്ള മറ്റേതെങ്കിലും ഒരു ജില്ലാ ജനറൽ ആശുപത്രി കാണുമോ? പത്തനംതിട്ട ജില്ലയിലുള്ള ഏതെങ്കിലും ഒരു ഗവൺമെന്റ് ആശുപത്രിയിൽ ഏതെങ്കിലും ഒരു രോഗി പരിക്കേറ്റ് ചെന്നാൽ രക്ഷപ്പെടാം എന്നുള്ള എന്തെങ്കിലും ധാരണയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഇത് ശബരിമല റോഡിൽ നടന്ന സംഭവമാണ്. ശബരിമലയുമായി ബന്ധപ്പെട്ട് നടന്ന അപകടങ്ങളിൽ ഈ ജനറൽ ആശുപത്രിയിൽ കൊണ്ടുവന്നിട്ടുള്ള ഒരു രോഗിയെപ്പോലും അവിടെ കിടത്തി ചികിൽസിക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ രോഗികളെയും 100-ഉം, 120-ഉം കിലോമീറ്റർ അകലെയുള്ള കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിക്കേണ്ട ഒരു സ്ഥിതിവിശേഷമാണ് ഉണ്ടായത്. ഈ അപകടം നടന്നത് റാന്നിയിലാണ്. അവിടെ താലൂക്കാശുപത്രിയിൽ കിടത്തി ചികിൽസയില്ല. എത്രയോ തവണ പറഞ്ഞതാണ്. കിടത്തി ചികിൽസ അവിടെയുണ്ടായിരുന്നുവെങ്കിൽ റാന്നി ആശുപത്രിയിൽ അടിയന്തിര ചികിൽസ കൊടുക്കാൻ കഴിയുമായിരുന്നു. അതുകൊണ്ടാണ് പത്തനംതിട്ട ആശുപത്രിയിൽ കൊണ്ടുവന്നത്. അവിടെ എത്തിയപ്പോൾ അവിടെ ഒരു ഡോക്ടർ മാത്രമേ ഉള്ളൂ എന്നുമാത്രമല്ല, ഒരു മണിക്കൂറോളം ഈ രോഗികളെ അവിടെ വരാന്തയിൽ കിടത്തിയിരുന്നു എന്നുള്ളതാണ് ദൗർഭാഗ്യകരമായ സ്ഥിതി. ഡി.എം.ഒ. എന്ന ആ ഉദ്യോഗസ്ഥൻ ഡോക്ടർമാരുടെ ഇടയിലുള്ള ആളാണ്. അതുകൊണ്ട് ഗവൺമെന്റ് ഉന്നതതലത്തിൽ ഇതിനെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്തണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പംതന്നെ എനിക്ക് ബഹുമാന്യനായ മുഖ്യമന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്, അപകടത്തിൽപ്പെട്ടത് പാവപ്പെട്ട തോട്ടം തൊഴിലാളികളാണ്, ലയത്തിൽ താമസിക്കുന്ന ഈ തോട്ടം തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഓരോ ലക്ഷം രൂപാ വീതമെങ്കിലും മുഖ്യമന്ത്രി അടിയന്തിരമായി ധനസഹായം നൽകണം എന്നാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) : സർ, വളരെ ദൗർഭാഗ്യകരമായ ഒരു സംഭവമാണ് ഇത്. ഗവണ്മെന്റ് ഈ കാര്യത്തിൽ വളരെ വിശദമായിട്ടുള്ള അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. മരിച്ചുപോയ ആളുകളുടെ കുടുംബങ്ങൾക്ക് താൽക്കാലികമായി 1000 രൂപ വീതവും പരിക്കേറ്റവർക്ക് 500 രൂപ വീതവും ഇന്നുതന്നെ ജില്ലാകളക്ടർ നൽകുന്നതാണ്. അതുപോലെ ഡി.എം.ഒ. അന്വേഷിക്കുന്നത് തൃപ്തികരമല്ലെങ്കിൽ, തീർച്ചയായും സംസ്ഥാനതലത്തിലുള്ള ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് ഇക്കാര്യങ്ങൾ വിശദമായി അന്വേഷിപ്പിക്കുന്നതാണ്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഗുരുതരമായ പ്രശ്നമൊന്നും ഇപ്പോൾ അവിടെ നിലവിലില്ല.

മി. സ്പീക്കർ: മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തിര പ്രമേയവതരണത്തിന് അനുമതി നിഷേധിച്ചു)

LIBRARY ARCHIVES Kerala Legislative Assembly